# കേരളസർവകലാശാല

നം.പി.ആർ.42/2023

## പത്രക്കുറിപ്പ്

### പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ, ബി.എസ്.സി, ബി.കോം (റെഗുലർ 2020 അഡ്മിഷൻ, സപ്ലിമെന്ററി 2018– 2019 അഡ്മിഷൻ, മേഴ്സി ചാൻസ് 2013– 2016 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴ കൂടാതെ 2023 മാർച്ച് 8 വരെയും 150 രൂപ പിഴയോടുകൂടി മാർച്ച് 13 വരെയും 400 രൂപ പിഴയോടുകൂടി മാർച്ച് 15 വരെയും അപേക്ഷിക്കാം.

കേരളസർവകലാശാല 2023 മാർച്ച് മാസം ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഡ് (2018 സ്കീം– റെഗുലർ/ സപ്ലിമെന്ററി ) ഡിഗ്രി പരീക്ഷയ്ക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. 150 രൂപ പിഴയോടുകൂടി ഫെബ്രുവരി 28 വരെയും 400 രൂപ പിഴയോടുകൂടി മാർച്ച് 2 വരെയും അപേക്ഷിക്കുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ

കേരളസർവകലാശാല 2023 മാർച്ച് 20ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.എഫ്.എ (ഇന്റഗ്രേറ്റഡ്) ഡിഗ്രി എക്സാമിനേഷൻ മാർച്ച് 2023 പരീക്ഷയ്ക്ക് പിഴ കൂടാതെ മാർച്ച് മൂന്നു വരെയും 150 രൂപ പിഴയോടുകൂടി മാർച്ച് 7 വരെയും 400 രൂപ പിഴയോടുകൂടി മാർച്ച് 9 വരെയും അപേക്ഷിക്കുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ, ബി.എസ്.സി, ബി.കോം, ബി.ബി.എ, ബി.സി.എ, ബി.പി.എ, ബി.എം.എസ്, ബി.എസ്.ഡബ്ലിയു, ബി.വോക് എന്നീ സി.ബി.സി.എസ്.എസ് (സി.ആർ) (റെഗുലർ 2020 അഡ്മിഷൻ, സപ്ലിമെന്ററി 2018– 2019 അഡ്മിഷൻ, മേഴ്സി ചാൻസ് 2013– 2016 അഡ്മിഷൻ) ഏപ്രിൽ 2023 പരീക്ഷകൾക്ക് പിഴ കൂടാതെ മാർച്ച് 8 വരെയും 150 രൂപ പിഴയോടുകൂടി മാർച്ച് 13 വരെയും 400 രൂപ പിഴയോടുകൂടി മാർച്ച് 15 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

കേരളസർവകലാശാല നാലാം സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (ഹിയറിങ് ഇംപയേർഡ്,161) (2020 – റെഗുലർ & 2018 – 2019 സപ്ലിമെന്ററി) ആഗസ്റ്റ് 2022 ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കുവാനുള്ള അവസാന തീയതി 2023 മാർച്ച് 4. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 മാർച്ച് മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.എ വേൾഡ് ഹിസ്റ്ററി ആൻഡ് ഹിസ്റ്റോറിയോഗ്രാഫി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ www.slcm.keralauniversity.ac.in ഓൺലൈൻ പോർട്ടൽ മുഖേന 2023 മാർച്ച് 4 വരെ സമർപ്പിക്കാവുന്നതാണ്. അപേക്ഷാ ഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. സർവകലാശാലയുടേതുൾപ്പടെ മറ്റൊരു മാർഗ്ഗത്തിലൂടെയും അടയ്ക്കുന്ന തുക പരിഗണിക്കുന്നതല്ല.

## വിദൂരവിദ്യാഭ്യാസം 2022 അഡ്മിഷൻ ഓൺലൈൻ ഇൻഡക്ഷൻ പ്രോഗ്രാം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗത്തിലെ 2022 അഡ്മിഷൻ ഒന്നാം സെമസ്റ്റർ യു.ജി/പി.ജി പ്രോഗ്രാമുകൾക്ക് ആമുഖമായിട്ടുള്ള ഇൻഡക്ഷൻ പ്രോഗ്രാം 2023 ഫെബ്രുവരി 25-ാം തീയതി ഓൺലൈനായി നടത്തുന്നതാണ്. യു.ജി പ്രോഗ്രാമുകളുടെ സമയം രാവിലെ 10 മണി മുതൽ 12 മണി വരെ. പി.ജി പ്രോഗ്രാമുകളുടെ സമയം ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 4 മണി വരെ. ഓൺലൈൻ ലിങ്കിനായി www.ideku.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## സ്റ്റഡി മെറ്റീരിയൽസ് വിതരണം

കേരളസർവകലാശാല വിദൂരവിദ്യഭ്യസവിഭാഗം 2020 അഡ്മിഷൻ ആറാം സെമസ്റ്റർ യു.ജി പ്രോഗ്രാമുകളുടെ സ്റ്റഡി മെറ്റീരിയൽസ് ഫെബ്രുവരി 27 മുതൽ മാർച്ച് 3 വരെയുള്ള തീയതികളിൽ കാര്യവട്ടം ക്യാമ്പസിലെ വിദൂരവിദ്യഭ്യസവിഭാഗം ഓഫീസിൽ നിന്നും നേരിട്ട് കൈപ്പറ്റാവുന്നതാണ്. നേരിട്ട് കൈപ്പറ്റാൻ കഴിയാത്തവർക്ക് 3 ന് ശേഷം തപാലിൽ അയ്ക്കുന്നതാണ്. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

തിരുവനന്തപുരം,
24.02.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**